പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1552 — 12-06-2019-ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യാനിരക്കിലെ വർദ്ധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. എം. വിൻസെന്റ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യുന്ന കർഷകരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | കർഷകർ എടുത്തിട്ടുള്ള കാർഷികേതര വായ്പകളിൽ മുടക്കം വന്നതിനെ തുടർന്ന് ബാങ്കുകൾ ജപ്തി നടപടി ആരംഭിച്ചതിനെ തുടർന്ന് ആത്മഹത്യകൾ നടന്നിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷകർ ഇതുവരെ ആത്മഹത്യ ചെയ്തു; ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്തത് ഏത് ജില്ലയിൽ നിന്നാണ്; വ്യക്തമാക്കുമോ; | (ബി) | 15 കർഷകർ ആത്മഹത്യ ചെയ്തതിൽ 10 പേർ ഇടുക്കി ജില്ലയിലാണ്. അവയുടെ കാരണം കാർഷികപരമാണോ എന്ന് സ്ഥിരീകരിച്ചിട്ടില്ല. |
| (സി) | അടിമാലിയിലെ 200 ഏക്കറിന് സമീപം മുക്കാലേക്കൽ കുന്നത്ത് സുരേന്ദ്രനെന്ന കർഷകൻ ആത്മഹത്യ ചെയ്തത് ഏത് സാഹചര്യത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത കർഷകന്റെ ആശ്രിതർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതിനകം നൽകിയതെന്ന് വ്യക്തമാക്കുമോ? | (സി) | വിവിധ തരം വായ്പകളിലായി തിരിച്ചടയ്ക്കാൻ പറ്റാതെ വായ്പ തുക കടിശ്ശിക ആയിട്ടുള്ളതായും മനോവിഷമത്താൽ 18.02.2019-ൽ വിഷം കഴിക്കുകയും ചികിത്സയിലിരിക്കെ 25.02.2019-ൽ മരണപ്പെടുകയും ചെയ്തിട്ടുള്ളതാണ് എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്റെ ആശ്രിതർക്ക് മൂന്നു ലക്ഷം രൂപ അനുവദിക്കുകയും ടി തുക വിതരണം ചെയ്യുന്നതിന് ദേവികുളം തഹസിൽദാർക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**